**<u>പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിലെസീനിയർ</u>**
**<u>അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടി ഉത്തരവ്</u>**

NO TO DRUGS

**(സാന്നിധ്യം. സിമി എ. എസ്, ഗവ. അഡീഷണൽ സെക്രട്ടറി)**

വിഷയം:- പൊതുവിദ്യാഭ്യാസം - ജീവനക്കാര്യം - സർക്കാർ ഏറ്റെടുത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള സ്കൂളുകളിലെ ഹൈസ്കൂൾ അസിസ്റ്റന്റുമാരുടെ സീനിയോരിറ്റിപട്ടിക 01.01.2026 തീയതി പ്രാബല്യത്തിൽ പ്രസിദ്ധീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

പരാമർശം:-
1. 05.07.2023 തീയതിയിലെ സി4/146/2023/പൊ.വി.വ നമ്പർ സർക്കാർ കത്ത്
2. 03/04/2026 തീയതിയിലെ പൊതുവിദ്യാഭ്യാസഡയറക്ടറുടെ ഡിജിഇ/5451/2026/എ3 നമ്പർ സർക്കുലർ.
3. 02.06.2026 തീയതിയിലെ പൊതുവിദ്യാഭ്യാസഡയറക്ടറുടെ കാര്യാലയത്തിൽ നിന്നും പുറപ്പെടുവിച്ച താൽക്കാലിക സീനിയോരിറ്റി പട്ടിക.

**<u>ഉത്തരവ് നമ്പർ എ3/5451/2026/ഡി.ജി.ഇ തീയതി : 18-06-2026</u>**

പൊതുവിദ്യാഭ്യാസവകുപ്പിലെ സർക്കാർ ഏറ്റെടുത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള സ്കൂളുകളിലെ ഹൈസ്കൂൾ അസിസ്റ്റന്റുമാരുടെ താൽക്കാലിക സീനിയോരിറ്റിപട്ടിക 01.01.2026 തീയതി പ്രാബല്യത്തിൽ പരാമർശം (3) പ്രകാരം പ്രസിദ്ധീകരിച്ചിരുന്നു. പ്രസ്തുത കരട് പട്ടികയിലെ ആക്ഷേപങ്ങളും പരാതികളും ബന്ധപ്പെട്ട വിദ്യാഭ്യാസഉപഡയറക്ടർ മുഖേന സമർപ്പിക്കുന്നതിനായി നിശ്ചിത സമയം അനുവദിക്കുകയും ചെയ്തു. അപ്രകാരം സമയപരിധിക്കുള്ളിൽ ലഭ്യമായ പരാതികൾ പരിശോധിച്ച് ആയത് പരിഹരിച്ചിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ പൊതുവിദ്യാഭ്യാസവകുപ്പിലെ സർക്കാർ ഏറ്റെടുത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള സ്കൂളുകളിലെ ഹൈസ്കൂൾ അസിസ്റ്റന്റുമാരുടെ 01.01.2026 തീയതി പ്രാബല്യത്തിലുള്ള അന്തിമ സീനിയോരിറ്റി പട്ടിക പ്രസിദ്ധീകരിച്ച് ഇതിനാൽ ഉത്തരവാകുന്നു

Digitally signed by
SIMI A S
Date: 18-06-2026
14:10:54

**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**
**(ഗവ. അഡീഷണൽ സെക്രട്ടറി)**
പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം

സ്വീകർത്താവ് :

1. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
2. എല്ലാ ജില്ല വിദ്യാഭ്യാസ ഓഫീസർമാർക്കും
3. ഡയറക്ടർ,സമഗ്ര ശിക്ഷ കേരളം, തിരുവനന്തപുരം.
4. ഡയറക്ടർ,എസ്.സി.ഇ.ആർ.റ്റി, തിരുവനന്തപുരം.
5. എല്ലാ ഡയറ്റ് പ്രിസിപ്പൽമാർക്കും,
6. എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ് (ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)